# വ്രതശുദ്ധി

പാപത്തിന്റെ കല്ലുകൾ പെറുക്കി വെച്ചപ്പോൾ
അതൊരു പർവതമായി
വ്രതശുദ്ധിയാലെൻ ഹൃദയം വെന്തപ്പോൾ
അതൊരു മഞ്ഞുമലയായ്
ഉരുകിയുരുകിയില്ലാതായ്
ഇപ്പോൾ ഞരമ്പുകൾ മാത്രമല്ല
കണ്ണും മനസ്സും നനഞ്ഞു
അങ്ങനെ അഴുക്കുപിടിച്ച
എന്റെ ആത്മാവിന്
റമദാൻ
വിശുദ്ധിയുടെ ശുഭ്രവസ്ത്രം നെയ്തു.

**ഷംസീർ എടക്കോട്**

# സംയമനം

നിന്റെ നോട്ടം പന്തിയല്ല,
നീയൊന്നു കണ്ണടച്ചാൽ കണ്ണുകൾ
പിഴുത് നിന്നെ കാണിക്കാം.

നിന്നിലൊഴുകുന്ന രക്തം ചുവപ്പല്ല,
നീ തടയില്ലെങ്കിൽ നിന്റെ ശരീരം ചെത്തി
ഞാൻ തെളിയിക്കാം.

നിന്റെ ചിന്തകൾക്ക് ചന്തമില്ല,
നീ മനസ്സുവെച്ചാൽ നിന്റെ തല പിളർത്തി
ബോധ്യപ്പെടുത്താം.

നിന്റെ ഹൃദയം കഠിനം,
നീയനുവദിച്ചാൽ അത് ചൂഴ്ന്നെടുത്ത്
പ്രദർശിപ്പിക്കാം.

നീയൊന്ന് സംയമനം പാലിച്ചാൽ,
നിന്റെ നെഞ്ചിൻ കൂട്ടിൽ
ഞാനെന്റെ രുദ്രതാളം ചവിട്ടാം

**അനസ് മാള**



**ഇസ്‌ലാമിക ഗാനം**

# റമദാനിൻ ഖമറൊളി

അല്ലാവിൻ നാമത്തിൽ ശുക്റ് ജപിച്ച്
ഖുർആനിൻ സ്തോത്രങ്ങൾ മണ്ണിൽ നിറച്ച്
പുണ്യത്തിൽ വാതായനങ്ങൾ തുറന്ന്
റമദാനിൽ ഖമറൊളി വാനിൽ തെളിഞ്ഞ്
(അല്ലാവിൻ)

സഹനത്തിലീമാനിൻ ദീപം തെളിച്ച്
താപ്തത്തെ സത്യപ്പൊരുളായ് നയിച്ച്
സമസൃഷ്ടികൾക്കിടയിൽ സ്നേഹത്തേൻ നിറച്ച്
സുബ്ഹാന്റെ പ്രീതിക്കായ് സർവം ത്യജിച്ച്
(അല്ലാവിൻ)

ലൈലത്തുൽ ഖദ്റിന്റെ രാവിൽ നിറച്ച്
ജന്നത്തുൽ ഫിർദൗസിൽ ചേരാൻ കൊതിച്ച്
പാപത്തിൻ മോക്ഷത്തിനായി കിതച്ച്
ഇറയോന്റെ കരുണക്കായ് സുജൂദിൽ നമിച്ച്
(അല്ലാവിൻ)

**ശാഹിന തറയിൽ**